**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1465** **19-06-2024 - ൽ മറുപടിയ്ക്ക്**

**സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായുള്ള പദ്ധതി നിലവിലുണ്ട്. ടി പദ്ധതി മുഖേന സ്വന്തമായി സ്ഥലമില്ലാത്ത സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിക്കുന്ന മുറക്ക് ആയത് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊണ്ടു വരുന്നു. |
| (ബി) | സ്വന്തമായി സ്ഥലമില്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ പനമ്പുകാട് ഗവ. ഫിഷറീസ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി 15.10.2023-ന് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | പനമ്പുകാട് ഗവ. ഫിഷറീസ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ രേഖകൾ പരിശോധിക്കുകയും ടി സ്കൂളിന് സ്ഥലം വാങ്ങുന്നതിന് തുക അനുവദിക്കുന്നതിലേക്കായി പ്രോപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരികയുമാണ്. പ്രസ്തുത നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് സ്കൂൾ പി.റ്റി.എ. മുഖാന്തിരം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചതും ഇ/7725970/2023/ എം.ഐ.എൻ/ഇ.ഡി.എൻ നമ്പർ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ചെയ്ത നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | പനമ്പുകാട് ഗവ. ഫിഷറീസ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് സ്കൂൾ പി.റ്റി.എ മന്ത്രിക്ക് സമർപ്പിച്ച നിവേദനം പ്രകാരം പ്രസ്തുത വിഷയം അന്വേഷിച്ച് ടി സ്കൂളിന് സ്ഥലം വാങ്ങുന്നതിന് ആവശ്യമായ രേഖകൾ സമർപ്പിക്കുവാൻ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ സ്കൂളിന് സ്ഥലം വാങ്ങുന്നതിന് ആവശ്യമായ രേഖകൾ സമർപ്പിക്കുകയും പ്രസ്തുത രേഖകൾ പരിശോധിച്ച് സ്ഥലം വാങ്ങുന്നതിനുള്ള തുക അനുവദിച്ച് കിട്ടുന്നതിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ DGE സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ